DESPATCHED
On. 10/06/2020

28/02/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP.814(2)/2017**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.3628 എസ്.ഐ.സി-ജി 6/17

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.ജി.പി.ബിജു,**
**കെ.കെ.ഹൗസ്, വേറ്റിനാട്,**
**വട്ടപ്പാറ പി.ഒ, തിരുവനന്തപുരം – 28.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **ആഭ്യന്തര (ബി) വകുപ്പ്,**
   **ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,**
   **ആഭ്യന്തര (ബി) വകുപ്പ്,**
   **ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.02.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.03.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.03.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.03.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 17.03.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 17.03.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | **29.01.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.** |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>അപ്പീൽ ഹർജിക്കാരൻ<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | <br>ഹാജരായില്ല.<br>ഹാജരായിരുന്നു. |

RIGHT TO INFORMATION

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം വകുപ്പ് 19(3) പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ ജി.പി.ബിജു, 17.03.2017 ൽ സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച 6(1) അപേക്ഷയ്ക്കും അപ്പീലിനും വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) പ്രകാരം വിവരം ലഭ്യമാക്കാൻ കഴിയില്ലായെന്ന മറുപടിയാണ് നൽകിയതെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 21.02.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കേരളത്തിലെ വിവിധ ജയിലുകളിൽ നിന്ന് 1850 തടവുകാരെ വിട്ടയക്കുന്നത് സംബന്ധിച്ച മന്ത്രിസഭാ തീരുമാനത്തിന്റെ പകർപ്പും തടവുകാരുടെ ലിസ്റ്റും ലഭ്യമാക്കണമെന്നായിരുന്നു.

4. രണ്ടാം എതിർകക്ഷി 19.04.2017 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 21.02.2017 ന് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന 1850 തടവുകാരെ വിവിധ ജയിലുകളിൽ നിന്നും വിട്ടയക്കുന്നതിനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടില്ലായെന്നും ടി വിഷയം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകുന്നതിന് 2005 ലെ വിവരാവകാശ നിയമം വകുപ്പ് 8(1)(i) പ്രകാരം നിർവ്വാഹമില്ലായെന്നും 03.03.2017 ൽ മറുപടി നൽകിയിരുന്നു. വിവരാവകാശ നിയമ പ്രകാരം മറുപടി നിഷേധിച്ചതിനാൽ അപേക്ഷ പരിശോധിച്ച് മറുപടി നൽകണമെന്ന് കാണിച്ച് 07.03.2017 ൽ അപ്പീൽ സമർപ്പിക്കുകയും ചെയ്തു. വിവരാവകാശ നിയമം വകുപ്പ് 8(1)(i) പ്രകാരം മന്ത്രിസഭയുടെ തീരുമാനങ്ങളും അവയ്ക്കുള്ള കാരണങ്ങളും ആ തീരുമാനങ്ങൾ എടുക്കുന്നതിന് ഉപോത്ബലകമായ വസ്തുതകളെയും തീരുമാനം എടുത്തശേഷം നടപടി പൂർത്തിയാക്കിയതിനുംശേഷം മാത്രം പ്രസിദ്ധപ്പെടുത്തിയാൽ മതി എന്നാണ് നിഷ്കർഷിച്ചിരിക്കുന്നതെന്നും അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങളുമായി ബന്ധപ്പെട്ട മന്ത്രിസഭാ തീരുമാനത്തിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ട

വിവരങ്ങൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലായെന്നും 15.03.2017 ൽ ടിയാനെ അറിയിച്ചിരുന്നുവെന്നും മറ്റുമാണ്.

5. 29.01.2020 തീയതി കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷിയും ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരം വിവരാവകാശ നിയമം വകുപ്പ് 8(1)(i) പ്രകാരം നൽകുവാൻ നിർവ്വാഹമില്ലായെന്നും അർഹരായ 1850 തടവുകാർക്ക് പ്രത്യേക ഇളവ് അനുവദിക്കുന്ന വിഷയം ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലുള്ളതും ഇക്കാര്യത്തിൽ മന്ത്രിസഭ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ലാത്തതുമാണെന്നും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അപ്പീൽ ഹർജിക്കാരന് പ്രസ്തുത വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ സമീപിക്കാവുന്നതും വിവരം കൈപ്പറ്റാവുന്നതുമാണെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ടി സാഹചര്യത്തിൽ ഈ അപ്പീൽ ഹർജി യിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN